രജിസ്റ്റേർഡ്/AD

ജീവനെയും സ്വാതന്ത്ര്യത്തെയും ബാധിക്കുന്നത്

അപ്പീൽ ഹരജി-I

## വിവരാവകാശ നിയമം-2005

### വിവരാവകാശ നിയമം 2005 പ്രകാരം, വിവരങ്ങൾ ലഭിക്കാത്തതിനെതിരെ സമർപ്പിക്കുന്ന ഒന്നാം അപ്പീൽ ഹരജി.

പ്രേഷിത,

പി.വി. ഷെരീഫ
ചോലയിൽ ഹൗസ്
കുനിയിൽ, (പി.ഒ) കീഴുപറമ്പ്.
അരീക്കോട് - 673639
മലപ്പുറം ജില്ല.




സ്വീകർത്താവ്,

പാലക്കാട് ജില്ലാ സാമൂഹ്യനീതി ഓഫീസർ,
(അപ്പലേറ്റ് അതോറിറ്റി)
സിവിൽ സ്റ്റേഷൻ, പാലക്കാട്

ബഹുമാനപ്പെട്ട സാർ,

വിഷയം : **വിവരാവകാശ നിയമം 2005 പ്രകാരം മണ്ണാർക്കാട് അഡീഷണൽ ICDS, പ്രൊജക്ട് ഓഫീസർക്കയച്ച വിവരാവകാശ അപേക്ഷക്ക് തൃപ്തികരമായ മറുപടി ലഭിക്കാത്തതിനെതിരെ ഒന്നാം അപ്പീൽ ഹരജി സമർപ്പിക്കുന്നത് സംബന്ധിച്ച്**

സൂചന :
1) പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ മണ്ണാർക്കാട് അഡീഷണൽ ICDS പ്രൊജക്ട് ഓഫീസറുടെ പേരിൽ 01/12/016ന് ഞാനയച്ച അപേക്ഷ.
2) പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറായ CDPO No. 618/016 പ്രകാരം എനിക്കയച്ചുതന്ന മറുപടി.

**മേൽ സൂചന പ്രകാരമുള്ള എന്റെ അപേക്ഷയിലേക്കും - CDPO എനിക്കയച്ചുതന്നിരിക്കുന്ന മറുപടികളിലേക്കും അങ്ങയുടെ അടിയന്തിര ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.**

മണ്ണർക്കാട് അഡീഷണൽ ICDS പ്രൊജക്ട് ഓഫീസറുടെ പൂർണ്ണ നിയ ന്ത്രണങ്ങളിൽ CDPO യുടെ നിർദ്ദേശങ്ങൾ അനുസരിച്ച് സേവനം ചെയ്യേണ്ടയാളും അലനല്ലൂർ ഗ്രാമപഞ്ചായത്ത് ജാഗ്രതാ സമിതി കൺവീനറും, നിർവ്വഹണ ഉദ്യോഗസ്ഥയുമായ സൂപ്രവൈസർ ശ്രീമതി. ടി. ഹഫ്സത്ത് തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണങ്ങൾ യഥാവിധി നിർവ്വഹിക്കാതെ തന്നിഷ്ടപ്രകാരം പ്രവർത്തി ദിവസങ്ങളിലും, ഓഫീസ് സമയങ്ങളിലും യാതൊരു നാണവും മാനവും ലജ്ജയുമില്ലാതെ ഒരു സർക്കാർ ജീവനക്കാരിയുടെ അന്തസ്സിനും അഭിമാനത്തിനും ഒരു നിലക്കും യോജിക്കാത്ത വിധത്തിൽ മലപ്പുറം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലും, വിവിധ കോടതികളിലും കയറിയിറങ്ങി എന്റെ ഭർത്താവിനെതിരെ പലവിധ ഹരജികളും കള്ളപ്പരാതി

Contd...P/2

ളും സമർപ്പിക്കുകയും മഞ്ചേരിയിലെ രണ്ട് കോടതികളിലും, പെരിന്തൽമണ്ണ കോടതിയിലും വ്യവഹാരങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതും നിത്യ സംഭവമായിരിക്കുന്നു.

ശ്രീമതി. ടി. ഹഫ്സത്ത് നടത്തുന്ന ഇത്തരം പ്രവൃത്തികൾ ഒരു സർക്കാർ ജീവനക്കാരിയുടെ പെരുമാറ്റ ചട്ടങ്ങൾക്കും, അന്തസ്സിനും അഭിമാനത്തിനും ഘടകവിരുദ്ധമാണെന്ന ഉത്തമ ബോധ്യമുള്ള ടിയാളുടെ ഇത്തരം പ്രവൃത്തികൾ കഴിഞ്ഞ 4 വർഷമായി തുടർന്ന് വരികയുമാണ്.

ഒരു സർക്കാർ ജീവനക്കാരിക്ക് ഒരു വർഷത്തിൽ കേവലം ഇരുപത് ആകസ്മികാവധി മാത്രമാണുള്ളതെങ്കിലും ശ്രീമതി ഹഫ്സത്ത് കോടതികളിലെ കേസുകൾ സംബന്ധമായി പ്രതിമാസം അഞ്ചും ആറും തവണ വിവിധ കോടതിയിൽ ഹാജരാവുന്നുണ്ട്. ടിയാളുടെ ഇത്തരം പ്രവൃത്തികൾ ഓഫീസ് മേധാവിയായ CDPO യുടെ മൗനാനുവാദമില്ലാതെ ഒരുനിലയ്ക്കും സാധിക്കുകയില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു.

ശ്രീമതി. ഹഫ്സത്തിന്റെ ഇത്തരം ദുഷ്പ്രവൃത്തികളാൽ പൊറുതിമുട്ടിയ എന്റെ കുടുംബം തീർത്തും കഷ്ടപ്പാടിലും ദുരിതത്തിലുമാണ്. ടിയാൾക്ക് എന്റെ കുടുംബത്തോടുള്ള പകയും വിദ്വേഷങ്ങളും ബന്ധപ്പെട്ട മേലധികാരികളെ സമീപിച്ച് അമർച്ച ചെയ്യിക്കുന്നതിനുവേണ്ടി ഞാൻ വിവരാവകാശ നിയമ പ്രകാരം ഒരു അപേക്ഷ മേൽസൂചന (1) പ്രകാരം മണ്ണാർക്കാട് അഡീഷണൽ ICDS CDPOയുടെ പേരിലയച്ചിരുന്നു.

എന്നാൽ എന്റെ അപേക്ഷ 05/12/016 ന് കൈപ്പറ്റിയ CDPO ടി അപേക്ഷക്ക് ഒരു പുല്ലിന്റെ വിലപോലും കൽപ്പിക്കാതെ നിരുത്തരവാദിത്വത്തോടെയും വളരെ ലാഘവത്തോടെയും ധിക്കാരപരമായി CDPOയുടെ ഓഫീസിൽ പ്രവൃത്തി ദിവസങ്ങളിലും ആഫീസ് സമയങ്ങളിലും മുൻകൂട്ടി അറിയിച്ച് അനുവാദം വാങ്ങി നേരിട്ട് ചെന്ന് രേഖകൾ പരിശോധിക്കാവുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. മാത്രവുമല്ല പകർപ്പുകൾ ലഭിക്കുന്നതിന് വേണ്ടി ട്രഷറി ചലാൻ സഹിതം ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമാക്കുന്നതിന് തുക മതിയാവാത്തതിനാൽ മുഴുവൻ പകർപ്പുകളും നൽകാൻ നിർവ്വാഹമില്ലെന്നും അറിയിച്ചിരിക്കുന്നു. പകർപ്പുകൾ ലഭിക്കാൻ ഇനിയെത്ര രൂപ വേണ്ടിവരുമെന്നുള്ള വിവരവും അറിയിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ CDPOയുടെ ഈ ധിക്കാരപരമായ പ്രവൃത്തി ഒരു ഓഫീസ് മേധാവിയായ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പദവിക്ക് ഒരുനിലക്കും യോജിച്ചതല്ല. അതിനാൽ ഞാൻ വിവരാവകാശ നിയമ പ്രകാരം അയച്ച അപേക്ഷയിൽ പറഞ്ഞിരിക്കുന്ന 1 മുതൽ 9 വരെയുള്ള ചോദ്യങ്ങളുടെ മറുപടി എനിക്ക് എത്രയും പെട്ടെന്ന് ലഭ്യമാക്കിത്തരണമെന്നപേക്ഷിക്കുന്നതിനോടൊപ്പം - ഈ ആവശ്യത്തിന് വേണ്ടി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന വിവരാവകാശ കമ്മീഷണർക്ക് പരാതി അയക്കേണ്ട അവസ്ഥ എനിക്ക് വരുത്താതിരിക്കണമെന്നും സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറായ പാലക്കാട് ജില്ലാ സാമൂഹ്യനീതി ഓഫീസറോട് വളരെ വിനയപുരസരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

PV 11/1/2017

പി.വി. ഷെരീഫ
9447315962

അരീക്കോട്
11/01/2017

**ഉള്ളടക്കം**

1. വിവരാവകാശ നിയമപ്രകാരം മണ്ണാർക്കാട് അഡീഷണൽ CDPOയുടെ പേരിൽ ഞാനയച്ച അപേക്ഷയുടെ കോപ്പി.
2. പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ CDPO എനിക്കയച്ചുതന്ന മറുപടിയുടെ കോപ്പി.
3. സാമൂഹ്യനീതി ഡയറക്ടറുടെ സർക്കുലറുകളുടെ കോപ്പി.